**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 4966** | **01.07.2013-ൽ മറുപടിക്ക്.**

**അനധികൃത പടക്ക നിർമ്മാണ ശാലകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) എക്സ്പ്ലോസീവ് ലൈസൻസോടുകൂടി സംസ്ഥാനത്ത് എത്ര അംഗീകൃത പടക്കശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; ഓരോ ജില്ലയിലേയും എണ്ണം വെളിപ്പെടുത്തുമോ ; | : (എ) 130 അംഗീകൃത പടക്കശാലകൾ പ്രവർത്തിക്കുന്നുണ്ട്. |

| | |
|---|---|
| തിരുവനന്തപുരം | 25 |
| കൊല്ലം | 5 |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | 16 |
| കോട്ടയം | 12 |
| ഇടുക്കി | ഇല്ല |
| എറണാകുളം | 21 |
| തൃശ്ശൂർ | 18 |
| പാലക്കാട് | 7 |
| മലപ്പുറം | 4 |
| കോഴിക്കോട് | 18 |
| വയനാട് | ഇല്ല |
| കണ്ണൂർ | 3 |
| കാസർഗോഡ് | 1 |

| | |
|---|---|
| (ബി) അനധികൃത പടക്കനിർമ്മാണശാലകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(മറുപുറം)

(സി) എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിൽപ്പന നടത്തുന്ന സ്ഥലങ്ങൾ, ക്വാറികൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ മറവിൽ അനധികൃത പടക്കനിർമ്മാണം നടക്കുന്നുണ്ടോ ; ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ

: (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പടക്ക നിർമക്കമാണ കേന്ദ്രങ്ങളിൽ പരിശോധന നടത്തണമെന്ന ഡി.ജി.പി.യുടെ നിർദ്ദേശത്തെ തുടർന്ന് രൂപീകരിച്ച പ്രത്യേക സ്ക്വാഡ് പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

: (ഡി) ഉണ്ട് ; സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്ന ഇടങ്ങളിൽ പരിശോധന നടത്തുന്നതിനും അനുവദനീയമായ സ്ഫോടക വസ്തുക്കളുടെ അളവ് ഉറപ്പ് വരുത്തുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ പോലീസ് മേധാവിമാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിയിൽ വരുന്ന ഇത്തരം സ്ഥലങ്ങളിൽ ആകസ്മികമായ പരിശോധന ഉൾപ്പെടെയുള്ളവ നടത്തുകയും ലൈസൻസ്, സ്ഫോടന വസ്തുക്കളുടെ അളവ്, ജോലിക്കാരുടെ എണ്ണം, സുരക്ഷാസംവിധാനം, ചുറ്റുപാടുകളുടെ നിരീക്ഷണം എന്നിവ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി അപകടസാധ്യതയില്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ Bomb Detection & Disposal Squad (BDDS), Dog Squad എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തി ഇത്തരം സ്ഥലങ്ങളുടെ പരിസരങ്ങളും ലൈസൻസുള്ള ആളുകളുടെ ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങളും പരിശോധിക്കുകയും അനധികൃതമായി സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ